# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038, KERALA

PHONE 8499 8234

വാല്യം 5 | 1988 മാർച്ച് 5 | ലക്കം 7


# അവശ ക്രൈസ്തവർക്ക് ആനുകൂല്യങ്ങൾ നിഷേധിച്ചുകൂടാ: പ. ബാവാ

പ്രത്യേക ലേഖകൻ

ചങ്ങനാശ്ശേരി: മതേതര രാഷ്ട്രമായ ഭാരതത്തിൽ ഹരിജനങ്ങൾക്ക ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ക്രിസ്തുമതം സ്വീകരിക്കുന്നതിൻെറ പേരിൽ നിഷേധിച്ചുകൂടായെന്ന് പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പ്രസ്താവിച്ചു.

കത്തോലിക്കാ സഭയിലെ ചങ്ങനാശേരി രൂപതയുടെ ആഭിമുഖ്യത്തിൽ പാറേൽ പള്ളിയിൽ സംഘടിപ്പിച്ച അവശ ക്രൈസ്തവ അവകാശ പ്രഖ്യാപന റാലി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു പ. ബാവാ.

'മതപരിവർത്തനത്തിൻെറ പേരിൽ അതുവരെ ലഭ്യമായിരുന്ന അവകാശങ്ങൾ ഒരു വ്യക്തിക്ക നിഷേധിക്കപ്പെടുകതികഞ്ഞ അനീതിയാണ്.' പ. ബാവാ അനുസ്മരിപ്പിച്ചു.

ഒരു കോടിയിലധികം വരുന്ന ഭാരതത്തിലെ അവശ ക്രൈസ്തവരെ പട്ടിക ജാതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ തുടരണമെന്ന് പ. ബാവാ ഗവൺമെൻറിനോട്ട് അഭ്യർത്ഥിച്ചു.

ക്രൈസ്തവ സമൂഹത്തിലെ ദുർബലവി ഭാഗത്തിനുവേണ്ടി ശബ്ദമുയർത്തുന്ന ചങ്ങനാശ്ശേരി രൂപതയെ ബാവാ ശ്ലാഘിച്ചു. ഈ പോരാട്ടത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പരിപൂർണ്ണ പിന്തുണ ബാവാ വാഗ്ദാനം ചെയ്തു.

ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ സ്വാഗതവും വികാരി സഖറിയാസ് കാഞ്ഞൂപ്പറമ്പിൽ കൃതജ്ഞതയും പറഞ്ഞു.

## കഷ്ടാനുഭവ ആഴ്ച: പ. ബാവാ കുഴിമററത്ത്

കോട്ടയം: ഈ വർഷത്തെ ഹാശാ വാര ശുശ്രൂഷകൾ പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് കുഴിമററം സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ അനുഷ്ഠിക്കുന്നതാണെന്ന് വികാരി ഫാ. ഇ. കെ. ജോർജ് അറിയിച്ചു. പെസഹായോടനുബന്ധിച്ചുള്ള കാൽകഴുകൽ ശുശ്രൂഷാ കർമ്മവും അവിടെ പ. ബാവാ തിരുമനസുകൊണ്ട് നിർവ്വഹിക്കുന്നതാണ്.

## വൈദിക ക്ഷേമനിധി ഉദ്ഘാടനം ചെയ്തു

കോട്ടയം: വട്ടശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് കോട്ടയം പഴയസെമിനാരിയിൽ വച്ച് വൈദിക ക്ഷേമനിധിയുടെ ഉദ്ഘാടനം സമുദായ ട്രസ്റ്റി പി. സി. എബ്രഹാമിൽ നിന്നും തുക സ്വീകരിച്ചുകൊണ്ട് ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

## സർവ്വകലാശാല ഫുട്ബോൾ ടൂർണ്ണമെൻറ് എം. ഡി. കോളജിൽ

പഴഞ്ഞി: കാലിക്കട്ട് സർവ്വകലാശാല ഇൻറർസോൺ ഫുട്ബോൾ ടൂർണ്ണമെൻറ് പഴഞ്ഞി എം. ഡി. കോളജ് ഗ്രൗണ്ടിൽ കുന്നംകുളം മെത്രാപ്പോലീത്താ പൗലോസ് മാർ മിലിത്തിയോസ് ഉദ്ഘാടനം ചെയ്തു.

സർവ്വകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഈ. ജെ. ജേക്കബ് പ്രസംഗിച്ചു. എം. ഡി. കോളജ് പ്രിൻസിപ്പൽ പ്രൊഫ. കെ. എ. കുര്യാക്കോസ് സ്വാഗതവും, ഫിസിക്ക എഡ്യൂക്കേഷൻ ലക്ചറർ കെ. എച്ച്. വർഗീസ് നന്ദിയും പറഞ്ഞു. ഫുട്ബോൾ താരങ്ങളുടെ മാർച്ച്ഫാസ്റ്റിന് കുന്നംകുളം ബഥനി ഇംഗ്ളീഷ്മീഡിയം സ്കൂൾ ബാൻഡ്മേളം മിഴിവ് പകർന്നു. മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത സല്യൂട്ട് സ്വീകരിച്ചു.

## കടമ്പനാട്ടുപള്ളി മൂന്നാം ഓർമ്മപ്പെരുന്നാൾ

കടമ്പനാട്ട്: പൗരാണികമായ കടമ്പനാട്ട് സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മൂന്നാം മർത്തോമ്മായുടെ മൂന്നാം ഓർമ്മപ്പെരുന്നാൾ ഏപ്രിൽ 21, 22 തീയതികളിൽ വിപുലമായ രീതിയിൽ ആഘോഷിക്കുന്നാണ്.

പ. മൂന്നാം മർത്തോമ്മായുടെ നാമത്തിൽ ഒരു കമ്മ്യൂണിററി ഹാൾ നിർമ്മിക്കുക, ഇടവകയിലെ നിർദ്ധനരായവർക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുക, അർഹരായവർക്ക് വസ്ത്രങ്ങൾ വിതരണം ചെയ്യുക, തുടങ്ങിയ പല കർമ്മപരിപാടികളും ഇതോടനുബന്ധിച്ച നടത്തുവാൻ ഇടവക മെത്രാപ്പോലീത്താ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേന്ന പൊതുയോഗം തീരുമാനിച്ചു.

ഇതിൻെറ നടത്തിപ്പിലേക്ക് വിപുലമായ ഒരു കമ്മററിയും പ്രവർത്തിച്ചുവരുന്നു. കമ്മററിയുടെ കൺവീനറന്മാരായി സി. ഡി. ഹാബേൽ– ഫിനാൻസ്, എം. ഫിലിപ്പ്– കൺസ്ട്രക്ഷൻ, മാശ്രൂർ എം. യോഹന്നാൻ ആഘോഷം, അഡ്വ. എബ്രഹാം തങ്കച്ചൻ ഇലവുക്കാട്ട്–സുവനീർ പബ്ലിസിററി എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

ഇടവക വികാരി ഫാ. എം. എം. തോമസും, ടി. എം. വർഗീസ് ട്രസ്റ്റിയുമാണ്.

## പറന്തൽ എൽ. പി. സ്കൂൾ വാർഷികം

പറന്തൽ: പറന്തൽ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന എൽ. പി. സ്കൂൾ വാർഷികം വികാരി ഫാ. ഇടിക്കുള ദാനിയേലിൻെറ അദ്ധ്യക്ഷതയിൽ ഫെബ്രുവരി 13– ന് നടന്നു.

മധു, ടി. ടി. ശാമുവേൽ, മാമ്മൻ പന്തളം, എം. എ. ഗോപാലൻ, ശാന്താ പി. നായർ എന്നിവർ പ്രസംഗിച്ചു.

ടി. വി. ജോർജ് സ്വാഗതവും വി. എ. ജോർജ് കൃതജ്ഞതയും പറഞ്ഞു.

# മൂറോൻ കൂദാശ ദേവലോകത്ത്

സ്റ്റാഫ് എഡിററർ

കോട്ടയം: വലിയ നോമ്പിലെ നാല്പതാം വെള്ളിയാഴ്ചയായ മാർച്ച് 25–ന് ഇവിടെ ദേവലോകം കാതോലിക്കേററ് അരമന ചാപ്പലിൽ നടത്തുന്ന വിശുദ്ധ മൂറോൻ കൂദാശയുടെ ക്രമീകരണങ്ങൾക്ക് മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസ് യോഗം അവസാന രൂപം നൽകി.

ഫെബ്രുവരി 15 മുതൽ 19 വരെ തീയതികളിൽ പഴയ സെമിനാരി സോഫിയ സെൻററിൽ നടന്ന സുന്നഹദോസ്യോഗം മൂറോൻ കൂദാശയുടെ ക്രമീകരണങ്ങൾക്ക് ജോസഫ് മാർ പക്കോമിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ് എന്നീ മെത്രാപ്പോലീത്താമാരെ നിയോഗിച്ചു.

യോഗത്തിൽ പ. ബസേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു.

സഭവക ബി. ഷെഡ്യൂളിൽ പെട്ട സ്ഥാപനങ്ങളുടെയും സംഘടനകളുടെയും 1988–89 ലെ ബജററ് യോഗം അംഗീകരിച്ചു.

സഭാ മാനേജിംഗ് കമ്മററിയുടെ വിവിധ നിശ്ചയങ്ങളും സുന്നഹദോസ് അംഗീകരിച്ചു. കാതോലിക്കാദിനാഘോഷം വിജയിപ്പിക്കുന്നതിനുള്ള പരിപാടികളും യോഗം അംഗീകരിക്കുകയുണ്ടായി.

യോഗം, തടാകം ആശ്രമത്തിൻെറ വിസിററർ ബിഷപ്പായി ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു.

വാകത്താനം ക്രിസ്ത്യൻ സെൻററിൽ ബസേലിയോസ് ഓർത്തഡോക്സ് ദയറാ എന്ന പേരിൽ ദയറാ സമൂഹം ആരംഭിക്കാൻ നിശ്ചയിക്കുകയും അതിൻെറ വിസിററർ ബിഷപ്പായി ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ നിയോഗിക്കുകയും ചെയ്തു.

സ്ത്രീകൾക്ക സഭാപ്രവർത്തനത്തിൽ കൂടുതൽ പങ്കാളിത്തം നൽകുന്നതിനെപ്പററി പഠിച്ച് അടുത്ത സുന്നഹദോസിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനു പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷനായി കമ്മററിയെ നിശ്ചയിച്ചു.

തമിഴ്നാട്ട ഗവർണറായി സ്ഥാനമേററ സഭാംഗമായ ഡോ. പി. സി. അലക്സാണ്ടറെ സുന്നഹദോസ് അനുമോദിക്കുകയും അദ്ദേഹത്തിൻെറ പ്രവർത്തന വിജയത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു.

യോഗദിവസങ്ങളിൽ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ധ്യാനപ്രസംഗവും ഉണ്ടായിരുന്നു.

പ. സുന്നഹദോസിൽ പ. ബാവായെ കൂടാതെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ

ശേഷം 6-ാം പേജിൽ

ഫാ. ഇ. ജെ. എബ്രഹാം

# പരുമല കൊച്ചുതിരുമേനി

അനുബന്ധം ബി. തുടർച്ച

അത്ഭുതാനുഭവങ്ങൾക്ക് അന്തമില്ലാത്തതായ ഈ ഭാഗവും അവസാനിപ്പിക്കണമല്ലൊ. ഭൂതബാധ തുടങ്ങി തീരാവ്യാധികൾവരെ പലതും തന്നിലുള്ള വിശ്വാസപൂർവ്വമായ മദ്ധ്യസ്ഥതയാൽ ജാതിഭേദമെന്യേ മാറി കിട്ടുന്നതായി നാം കണ്ടു. ഒരു പടികൂടി കടന്ന ഒരനുഭവമാണ് ചുവടെ ചേർക്കുന്നത്. രോഗശമനം നൽകിയിട്ട് സന്താനലാഭം കൈവരുത്തിയെന്നുള്ളതാണ് ഇതിനുള്ള പ്രത്യേകത. ഇതിനോടടുത്തുള്ള കുട്ടമ്പേരൂർ എന്ന സ്ഥലത്ത് 'മച്ചൻ' എന്നറിയപ്പെട്ടുപോന്നിരുന്ന ഒരാൾ സ്വാനുഭവം വിവരിക്കുന്നു.

കുട്ടമ്പേരൂർ, മാന്നാർ
18-1-1113

''പത്തുപതിനഞ്ചു വർഷങ്ങളായി ഉദരരോഗംകൊണ്ട് ഞാൻ കഷ്ടപ്പെടുകയായിരുന്നു. ഭക്ഷിയ്ക്കാനായിട്ട് ജീവിക്കരുത്; ജീവിക്കാനായിട്ടു ഭക്ഷിക്കണം'' എന്ന ഭക്ഷണത്തെ സംബന്ധിച്ചുള്ള പ്രമാണത്തിന്റെ ഉത്തരാർത്ഥം അനുസരിച്ച് എത്രയും ലഘുവായ ഭക്ഷണം–മിക്കവാറും പാൽ-മാത്രം ആഹാരമാക്കി ജീവിച്ചു വന്നു. കാരണം ദീപനശക്തി ഏററവും മന്ദീഭവിച്ചുപോയി എന്നുള്ളതുതന്നെ. ഇതിനകംപ്രകൃതി ചികിത്സ ഉൾപ്പെടെ പല ചികിത്സകളും ചെയ്തുനോക്കി, ഫലം ഒന്നും കണ്ടില്ല. നെയ്യൂർ ആശുപത്രിയിലെ പ്രധാന ഡോക്ടറായ സോമർവെൽ സായ്പ് അവർകളുടെ ശസ്ത്രക്രിയയ്ക്ക് വിധേയനായി. എന്നിട്ടും യാതൊരു സുഖവും അനുഭവപ്പെട്ടില്ല. വയസ്ക്കരയിലെയും ഒളശയിലെയും ചികിത്സയിലും വളരെനാൾ കഴിച്ചുകൂട്ടി. ഫലം തഥൈവ. മദ്രാസ് ജനറലാശുപത്രിയിലെ പ്രധാന ഡോക്ടറായ മൽകാംസൻ സായ്പ് അവർകളുടെ നിർദ്ദേശാനുസരണം മരുന്നുകൾ സേവിക്കുകയും ദിനചര്യ അനുഷ്ഠിക്കുകയും ചെയ്തു. എന്നിട്ടും പറയത്തക്ക സുഖമൊന്നും കണ്ടില്ല. വീണ്ടുംപ്രകൃതിചികിത്സയിൽ ഏർപ്പെട്ടു. നാൾക്കുനാൾ ക്ഷീണം വർദ്ധിച്ചുകൊണ്ടിരുന്നു.

അങ്ങനെയിരിക്കെ ഒരു രാത്രി ഉറക്കത്തിൽ ഞാൻ ഒരു ശബ്ദംകേട്ടു ''ദാമ്പത്യജീവിതത്തിൽ സന്യാസം പാലിക്കുന്നതു ശരിയാണോ?'' എന്നായിരുന്നു ആ ശബ്ദം. അത് ആരിൽനിന്നുണ്ടായോ ആ ആളിനെ ഞാൻ കണ്ടില്ല. എങ്കിലും അതു മാന്യയായ ഒരു വൃദ്ധയുടെ ശബ്ദമാണെന്നാണ് എനിക്കു തോന്നിയതു്. ഞാൻ പറഞ്ഞു 'അമ്മേ, ഞാൻ ആരോഗ്യമുള്ളവനായി എന്ന് എനിക്ക് തോന്നുന്നതുവരെ ദാമ്പത്യധർമ്മത്തിൽ പ്രവേശിക്കയില്ലെന്ന് ഞാൻ ഒരു നിശ്ചയം ചെയ്തിട്ടുണ്ട്.

വൃദ്ധ– അതു നല്ലതുതന്നെ മകനെ! എന്നാൽ ആരോഗ്യസിദ്ധിക്ക് ദൈവംതമ്പുരാൻ പ്രസാദിച്ചാൽ ഒരു താമസവുമില്ലല്ലൊ. ഒരു പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ നീ അഭയം പ്രാപിച്ചുകൊണ്ട് പ്രാർത്ഥിക്കുക.

ഞാൻ—അമ്മേ, എനിക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്താൻ ഏതു പരിശുദ്ധനോടാണ് ഞാൻ അപേക്ഷിക്കേണ്ടതു്?

വൃദ്ധ—നിനക്കു ഏററം സമീപസ്ഥനായ ഒരു പരിശുദ്ധനുണ്ട്. പരുമലപള്ളിയിൽവച്ച് കാലംചെയ്ത തിരുമേനി.

ഇതിനുശേഷം എന്റെ പ്രാർത്ഥനകളിലും ഞാൻ സംബന്ധിക്കുന്ന വി. കുർബാനകളിലും എല്ലാം മാർ ഗ്രീഗോറിയോസ് തിരുമേനിയെ ഓർക്കുകയും എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്നു അപേക്ഷിക്കുകയും ചെയ്തുവന്നു. അടുത്തുതന്നെ യാദൃശ്ചികമായി ഒരു നാട്ടുവൈദ്യനെ കാണുന്നതിനിടയായി. അദ്ദേഹത്തിന്റെ മരുന്നുകളും ദിനചര്യോപദേശങ്ങളും ദൈവകൃപായൽ എനിക്കു സുഖത്തെ പ്രദാനം ചെയ്തുതുടങ്ങി സാധാരണ ആഹാരസാധനങ്ങളെല്ലാം ഭക്ഷിക്കാമെന്നുള്ള സ്ഥിതിയിലായിരിക്കുന്നു. എനിക്കു ഒരു കുട്ടിയുണ്ടാകുന്നപക്ഷം കുട്ടി ആണായാലും പെണ്ണായാലും പരുമലബാവായുടെ കബറിങ്കൽ ഒരു മൂന്നുമ്മേൽ കുർബാന ചൊല്ലിക്കാമെന്നു. ഞാൻ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു നിശ്ചയിച്ചു.

ഇതിനോടടുത്ത ഒരു സമയം എന്റെ ഒരു സ്നേഹിതനായ കല്ലുവിളയിൽ കെ. ജി. വറുഗീസ് അവർകൾക്ക് ഒരു ദർശനം ഉണ്ടാകയും അതു് അദ്ദേഹം എന്നോടു പ്രസ്താവിക്കയും ചെയ്തു. അതു 'നിങ്ങളുടെ ഭാര്യ ഗർഭിണിയായിരിക്കുന്നു എന്നും ശിശു ഒരു പെൺകുട്ടിയാണ്'' എന്നും ഉള്ളതായിരുന്നു. അതിൻപ്രകാരം കഴിഞ്ഞ കുംഭം 30-ാംതീയതി ദൈവം എനിക്കു ഒരു പെൺകുട്ടിയെ തന്നിരിക്കുന്നു. എന്റെയും ആ സ്നേഹിതന്റെയും ദർശനം മൂലമുണ്ടായ അറിവു സഫലമായി കാണപ്പെട്ടതിൽ ഈ പരിശുദ്ധന്റെ ദൈവികമായ വേലയെപ്പററി അത്ഭുതപ്പെടുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

എന്ന് പല്ലാട്ടുശേരിൽ യൗസേപ്പ് കൊച്ചുമ്മൻ (ഒപ്പ്)

## അനുബന്ധം (സി)

മരണാനന്തരാവസ്ഥയും പരിശുദ്ധന്മാരും

''നിദ്രപ്രാപിച്ചവരെക്കുറിച്ച് നിങ്ങൾ അറിവില്ലാത്തവരായിരിക്കരുതു്'' എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു'' (തെസ്സലോനി 4. 13)എന്ന് പൗലൂസ് ശ്ലീഹാ പ്രസ്താവിക്കുന്നതിൽനിന്നുതന്നെ ഈ വിഷയത്തെപ്പററി ഓരോ ക്രിസ്ത്യാനിയും പഠിച്ചിരിക്കണമെന്നുള്ളതു് നിർവിവാദമാണ്. രണ്ടു ലോകങ്ങളെയാകുന്നു. നമുക്ക് അഭിമുഖീകരിക്കേണ്ടതായിട്ടുള്ളതു്. ഒന്ന്പഞ്ചേന്ദ്രിയങ്ങൾക്ക് വിഷയീഭൂതമായിരിക്കുന്ന (പദാർത്ഥം) ലോകവും, മറേറതു് അവയ്ക്ക് അപ്രാപ്യമായിരിക്കുന്ന ആത്മലോകവുമാണ്. ഒന്ന് മറേറതില്ലാതെ അപൂർണ്ണമത്രെ.

മരണാനന്തരം, ആത്മാവു് ശരീരത്തിൽനിന്നും വേർപെട്ടതിന്റെ ശേഷം അതു ജീവിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള വിശ്വാസം ഈജിപ്തുകാരുടെയും യഹൂദന്മാരുടെയും ഇടയിൽ പ്രചരിച്ചിരുന്നു. ആത്മാക്കളെ ആറാംദിവസം സൃഷ്ടിച്ച സ്വർഗ്ഗത്തിൽ അവരവരുടെ കാവൽ മാലാഖാമാരുടെ സംരക്ഷണയിൽ സൂക്ഷിച്ചുവെന്നും, ഓരോരുത്തർക്കുംവേണ്ടി രൂപീ‌കരിക്കപ്പെട്ട ശരീരത്തിൽ അവരെ കൊണ്ടുചെന്നാക്കിയതു് ഈ മാലാഖമാരാണെന്നുമായിരുന്നു യഹൂദന്മാരുടെ വിശ്വാസം. ഒരാൾ മരിക്കുമ്പോൾ ആ ആളിന്റെ ആത്മാവു് അതിനെ സ്വീകരിക്കുന്നതിനു തയ്യാറായിരിക്കുന്ന വേറൊരു ജീവിയിലേക്കു പ്രവേശിക്കുന്നുവെന്നും, ഈ മാററം മൂവായിരം വർഷത്തേക്കു തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നുവെന്നും ഈജിപ്തുകാർ വിശ്വസിച്ചിരുന്നതായി ഹേറോഡററസ് (Herodotus) പ്രസ്താവിക്കുന്നു.

(തുടരും)

## ചർച്ചാവേദി (തുടർച്ച)

ഒരു മെത്രാനുവേണ്ട യോഗ്യതകളടങ്ങുന്ന ചോദ്യാവലി തയാറാക്കി മെത്രാപ്പോലീത്തമാർ, തിയോളജിക്കൽ സിമ്മനാരി അദ്ധ്യാപകർ, ആശ്രമാദ്ധ്യക്ഷന്മാർ, സുവിശേഷ പ്രവർത്തകർ, വിദ്യാഭ്യാസ പ്രവർത്തകർ മുതലായവർക്ക് അയച്ചുകൊടുത്തു് ഓരോരുത്തരുടെയും കാഴ്ചപ്പാടിൽ ഏററവും യോഗ്യരായ ഒന്നോ രണ്ടോ പേരുടെ വീതം വിശദവിവരങ്ങൾ ശേഖരിക്കുക ദൈവാശ്രയം, പ്രാർത്ഥനാ ജീവിതം, നോമ്പിലും ഉപവാസത്തിലുമുള്ള തീഷ്ണത, കൂദാശ കർമ്മങ്ങൾ ഭംഗിയായും സ്ഫുടമായും ചെയ്യാനുള്ള പ്രാപ്തി, ലളിത ജീവിതത്തോടുള്ള വ്യഗ്രത, കൂദാശാനുഷ്ഠാനങ്ങളിലുള്ള മനോഭാവം, സാമ്പത്തിക അച്ചടക്കം, സത്യസന്ധത, സ്നേഹം, വിനയം സഭാപിതാക്കന്മാരോടുള്ള ബഹുമാനം, ജനങ്ങളാൽ നയിക്കപ്പെടാനല്ല, ജനങ്ങളെ നയിക്കാനുള്ള കഴിവ്, ബുദ്ധികൂർമ്മത, കർമ്മകുശലത, വേദപുസ്തകപരിജ്ഞാനം, പ്രസംഗപാടവം, ആർഷഭാരത സംസ്കാരത്തോടുള്ള ആഭിമുഖ്യം, മലങ്കര സഭയിലുള്ള പ്രവർത്തനം, ജനങ്ങൾക്ക് അയാളിലുള്ള മതിപ്പ് ഇവയെല്ലാക്കെ പ്രാധ്യാനം നൽകി ചോദ്യാവലി തയാറാക്കി മേൽപറഞ്ഞ സ്ഥാനികളിൽനിന്ന് ശേഖരിച്ചാൽ സഭയിലെ യോഗ്യരായ അവിവാഹിത പട്ടക്കാരെ കണ്ടുപിടിക്കാൻ പ്രയാസമുണ്ടായിരിക്കയില്ല. സഭയിൽ നിശ്ശബ്ദരായി സേവനം അനുഷ്ടിക്കുന്നവരുടെ പ്രാർത്ഥനാ നിരതരായ, സ്ഥാനമാനങ്ങൾക്കുവേണ്ടി അലഞ്ഞു തിരിഞ്ഞു നടക്കാത്ത യഥാർത്ഥ സഭാ സ്നേഹികളുടെ പേരുകൾകൂടിനമുക്കു ലഭിക്കും. ഈ ലിസ്റ്റിൽനിന്ന് ഏററവും കൂടുതൽ വ്യക്തികൾ ഏററവും യോഗ്യനെന്ന് നിർദ്ദേശിക്കുന്ന പേരുകൾ സബ്ബ് കമ്മററി കണ്ടു പിടിച്ച് അവരുടെ പ്രവർത്തന ക്ഷമതയെക്കുറിച്ച് രഹസ്യമായി അന്വേഷിച്ച് വിശദമായ റിപ്പോർട്ടു സഹിതം പരിശുദ്ധ സുന്നഹദോസിന് സമർപ്പിക്കട്ടെ. ചോദ്യാവലി തയ്യാറാക്കുന്നവരെയോ റിപ്പോർട്ട് തയ്യാറാക്കുന്നവരെയോ ഏതെങ്കിലും തരത്തിൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്നവരെ അയോഗ്യരായി കരുതണം. ആവശ്യത്തിൽ കൂടുതൽവ്യക്തികൾ യോഗ്യരായി കാണപ്പെട്ടാൽ മത്ഥിയാസ് അപ്പോസ്തലനായി നിയമിക്കപ്പെട്ടതുപോലെ നറുക്കെടുത്ത് തിരഞ്ഞെടുക്കാവുന്നതാണല്ലോ. സബ് കമ്മററി അംഗങ്ങളുടെ പേരുകളുൾപ്പെടെ റിപ്പോർട്ടു സമർപ്പിക്കുന്നതുവരെയുള്ള പ്രവർത്തന പ്രക്രിയ രഹസ്യ സ്വഭാവമുള്ളതും സ്വാർത്ഥതാല്പര്യങ്ങൾക്ക് അതീതവുമായിരിക്കണം. തിരഞ്ഞെടുപ്പിന് മൂന്നു നാലു മാസങ്ങൾക്ക് മുമ്പ് ഈ പ്രവർത്തനം തുടങ്ങിയാൽ കൃത്യസമയത്തിന് മുമ്പുതന്നെ യോഗ്യനായ വ്യക്തിയെ കണ്ടുപിടിക്കാൻ കഴിയും.

(ശേഷം 6-ാം പേജിൽ)

4–ാം പേജിൽനിന്നും തുടർച്ച

മനുഷ്യരാശി നശിക്കും ജീവിതം മൊത്തം ആഴക്കടലിൽ അകപ്പെടുന്ന ആത്മാവിന്റെ മട്ടം അനുഭവിക്കേണ്ടി വരും.

സാമൂഹ്യ നീതികളെ മറികടക്കുന്ന ബെഥേലിലെയും ഗിൽഗാലിലെയും മനുഷ്യരുടെ അഹങ്കാരം കണ്ടപ്പോൾ ആമോസിനു് സഹിക്കാനായില്ല. ആമോസ് അതെല്ലാം ഏറെ നേരമായി നോക്കി കാണുകയായിരുന്നു. ഇസ്രേലിനു് ദൈവം വച്ചിരിക്കുന്ന ശിക്ഷാവിധിയുംകൂടി കണ്ടപ്പോൾ ആരാധനാ സ്ഥലത്തു് അഹങ്കരിക്കുന്ന ഇവർ വെട്ടത്തിനു മുമ്പിൽ ചിറക് വിരുത്തുന്ന ഈയ്യാംപാററകൾ ആണെന്നു തോന്നി. പ്രകാശത്തെ ഭക്ഷിക്കുമെന്ന അഹങ്കാരം അവയുടെ ജീവനൊടുക്കുന്നു. അതുപോലെ ...

ആമോസ് രൂത്തിനെയും കൊണ്ട് അല്പം ഉയർന്ന ഒരിടം നോക്കി കയറിനിന്നു–

അല്പം അപ്പുറത്തായി പലരും സ്വമേധയാഗങ്ങൾ നടത്തുകയായിരുന്നു. അവർ ചെയ്യുന്നതു് അനീതിയും കഠിനവുമാണ്. എല്ലാത്തിനും വിധിക്കപ്പെട്ടവർ ഉണ്ട്. ദൈവം അവർക്ക് അവകാശം കൊടുത്തതാണ്. അതിനെ സ്വകീയമാക്കുന്നതു് തെററാണ്. ആമോസ് അതും കണ്ടിരുന്നു.

അല്പം ഉയർന്ന ഒരു ഭാഗത്തേക്ക് അദ്ദേഹം കയറിനിന്നു–
അവിടെനിന്നു നോക്കിയാൽ ബെഥേലിൽ നാശം നടക്കുന്ന ഭാഗം എല്ലാം കാണാം–

(തുടരും)

## അമൃതബിന്ദുക്കൾ!



**അൻപത്തിയഞ്ച്**

ബോധനത്തെ ശ്രവിക്കുന്നോൻ
ബോധമുള്ളോൻ നരോത്തമൻ

**അൻപത്തിയാറ്**

ശാസനത്തെ വെറുക്കുന്നോൻ
മൃഗതുല്യൻ നരാധമൻ

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

## ഫാ. ചെറിയാൻ സ്കറിയാ നിര്യാതനായി



കിടങ്ങന്നൂർ തെക്കേ മൂത്തേരിൽ ഫാ. ചെറിയാൻ സ്കറിയ (96) ഫെബ്രുവരി 15-ന് നിര്യാതനായി. ശവസംസ്കാരം മെഴുവേലി ഹോളി ഇന്നസെൻറ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ പ. കാതോലിക്കാബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും നിയുക്തകാതോലിക്കാ മാത്യൂസ് മാർ കൂറിലോസ്, ദാനിയേൽ മാർ പീലക്സിനോസ്, തോമസ് മാർ തിമോത്തിയോസ് ഫീലിപ്പോസ് മാർ യൗസേബിയോസ് എന്നീ മെത്രാപ്പോലീത്തമാരുടെ സഹകരണത്തിലും നടത്തി. വൈദിക ട്രസ്റ്റി ഫാ. മത്തായിനൂറലാൽ, കോർ എപ്പിസ്കോപ്പാമാർ, റമ്പാന്മാർ, പട്ടക്കാർ, ശെമ്മാശന്മാർ തുടങ്ങി നിരവധി പേർ ശവസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. നിയുക്ത കാതോലിക്കാ മാർ കൂറിലോസ് മെത്രാപ്പോലീത്താ ചരമ പ്രസംഗം നടത്തി.

1919-ൽ പൗലോസ് മാർ അത്താനോസ്യോസ് മെത്രാപ്പോലീത്തായിൽനിന്നും കശ്ശീശ്ശാപട്ടം സ്വീകരിച്ച് ശെമ്മാശനായിരിക്കുമ്പോൾ പാമ്പാക്കുട, പിറവം എന്നീ സിമ്മനാരികളിൽ ബ. കോനാട്ടു മല്പാനച്ചൻേറയും, ബ. ഇട്ടീരാ മല്പാനച്ചൻേറയും ശിക്ഷണത്തിൽ ദീർഘകാലം സുറിയാനി അഭ്യസിച്ചു.

മെഴുവേലി ശാലേംപള്ളി സ്ഥാപിക്കുകയും 60 വർഷക്കാലം അവിടെ വികാരിയായി സേവനം അനുഷ്ഠിച്ചു. അയിരൂർ മാർ ഇഗ്നാത്തിയോസ് കുറിയാക്കോസ്, കരിമ്പനാക്കുഴി, പിരളശ്ശേരി സെൻറ് ജോർജ്, തട്ട സെൻറ് മേരീസ്, തുമ്പമൺ സെൻറ് ജോർജ് മുതലായ ഇടവകകളിലും വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സഭയിൽ സമാധാനത്തിനു വേണ്ടി പ്രവർത്തിച്ചിട്ടുള്ളയാളാണ് ഫാ. ചെറിയാൻ. കോന്നി, കൊന്നപ്പാറ, അട്ടച്ചാക്കൽ മുതലായ പള്ളികളിലും ഇദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഓമല്ലൂർ ഇടയിൽ ചെറിയാൻ മാസ്റ്ററുടെ സീമന്തപുത്രിയും [illegible]. ഡോ. വി. സി. ശാമുവേലിൻെറ സഹോദരി പരേതയായ മറിയാമ്മയായിരുന്നു സഹധർമ്മിണി. മുളക്കുഴ സെൻറ് മേരീസ് പള്ളിവികാരി ടി. സി. ജോൺ കോർ എപ്പിസ്കോപ്പാ ഏകപുത്രനും കോന്നി തെക്കിനേത്തു ടി. വി. ശാമുവേലിൻെറ ഭാര്യ അച്ചാമ്മ ഏക പുത്രിയുമാണ്.

### ചർച്ചാവേദി (തുടർച്ച)

പരിശുദ്ധ സുന്നഹദോസ് ഐകകണ്ഠ്യേന തിരഞ്ഞെടുക്കുന്ന പട്ടക്കാരൻ മാനേജിംഗ് കമ്മററി അംഗങ്ങൾക്കും സർവ്വസമ്മതനായിരിക്കും. പരിശുദ്ധ സുന്നഹദോസും മാനേജിംഗ് കമ്മററിയും തെരഞ്ഞെടുക്കുന്ന വ്യക്തിയെ ഹർഷാരവത്തോടെ മലങ്കര അസോസ്യേഷൻ അംഗീകരിക്കും. മലങ്കര അസോസ്യേഷൻ ചേന്ന് അംഗീകരിക്കുന്നരീതിക്ക് മാററം വരുത്താതിരിക്കുന്നതായിരിക്കും അഭികാമ്യം. സ്വാർത്ഥ താല്പര്യം അശേഷം ഇല്ലാതെ ആദി മുതൽ പ്രവർത്തിച്ചാൽ സർവ്വാദരണീയമായിരിക്കും ഈ രീതി. പ: ബാവാ തിരുമേനി കല്പിച്ചതുപോലെ ഒരു കുടം തേനിൽ ഈച്ച വീഴാതെയുമിരിക്കും.

ഇതോടൊപ്പം വേറൊരു നിർദ്ദേശംകൂടി വയ്ക്കുന്നതു് ആശാസ്യമായിരിക്കുമെന്ന് കരുതുന്നു. വൈദികരിൽ ബഹുഭൂരിപക്ഷവുംവൈദികസിമ്മനാരിയിൽ പഠിച്ചുവരുന്നവരായിരിക്കുമല്ലോ. ഒരു തസ്തിക എന്നതിലുപരി 'നിയോഗം' എന്നു കരുതി വരുന്ന വിദ്യാർത്ഥികൾ സിമ്മനാരിയിൽ പ്രവേശിക്കുന്ന ദിവസം മുതലുള്ള കാര്യക്ഷമതാ റിപ്പോർട്ട്-ഓരോ വ്യക്തിക്കും ഓരോ ഫയൽ തയ്യാറാക്കി സൂക്ഷിച്ചാൽ പ്രയോജന പ്രദമായിരിക്കും. ആ ഫയലിൻെറ പൂർണ്ണമായ ഒരു ഫോട്ടോസ്റ്റാററ് കോപ്പി വൈദിക സിമ്മിനാരി വിദ്യാഭ്യാസം കഴിഞ്ഞു പ്രവർത്തിക്കുന്ന മേഖലാധിപനെ ഏല്പിക്കേണ്ടതും തുടർന്നും ആ വ്യക്തിയുടെ പ്രവർത്തനരീതി രേഖപ്പെടുത്താവുന്നതുമാണ്. ഇങ്ങനെയുള്ള ആവശ്യങ്ങൾ വരുമ്പോൾ ഈ ഫയൽ ഒരു മാർഗ്ഗദർശക രേഖയായിരിക്കും. റമ്പാൻ സ്ഥാനം, കോർ എപ്പിസ്കോപ്പാസ്ഥാനം ഇവയൊക്കെ നൽകുമ്പോൾഈ ഫയൽനമുക്ക് പരിശോധിക്കാവുന്നതാണ്. സത്യസന്ധമായി രൂപം നൽകുന്ന ഈ രേഖകൾ ഓരോ പട്ടക്കാരൻെറയും ശാശ്വതമായ വിലപ്പെട്ട പ്രവർത്തന ചരിത്രം തന്നെയായിരിക്കും. സംശയമില്ല.

ഇതെക്കുറിച്ചുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ എഴുതി അറിയിക്കുക. ഈ പംക്തിയിൽ പ്രസിദ്ധീകരിക്കുന്നതാണ്. വിലാസം, ഹെറാൾഡ്, ദേവലോകം—686 038

പത്രാധിപർ

---

Statement about Ownership and other particulars about
**MALANKARA ORTHODOX HERALD**
(Weekly)
Form IV
See Rule 8

| | | | |
|---|---|---|---|
| 1 | Place of Publication | : | Devalokam, Kottayam |
| 2 | Periodicity of its Publication | : | Weekly |
| 3 | Printer's name | : | Rev. C.K.JosephRamban |
| | Whether citizen of India | : | Yes |
| | Address | : | Malankara Orthodox Herald Devalokam, Kottayam-686 038 |
| 4 | Publisher's Name | : | Rev. Mathew Varghese (Shebaly) |
| | Whether Citizen of India | : | Yes |
| | Address | | Malankara Orthodox Herald, Devalokam, Kottayam-686 038 |
| 5 | Editor's Name | : | Rev. Mathew Varghese (Shebaly) |
| | Whether Citizen of India | : | Yes |
| | Address | : | Malankara Orthodox Herald Devalokom, Kottayam-686 038 |
| 6 | Name and address of Individuals who own the News paper periodical and partners or shareholders holding more than one percent of the total Capital | : | Malankara Orthodox Church Faith and culture Fellowship, under the Patronship of H. H. The Catholicos of the East, Mar Thoma Mathews I |

I Rev. Mathew Varghese (Shebaly) hereby declare that the particulars given above are true to the best of my knowledge and belief.

(Sd)
Rev. Mathew Varghese (Shebaly)
Publisher

Dated
1-3-1988

---

## വാർഷിക ധ്യാനം

തിരുവല്ല: പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന എം. ജി. എം. ബോർഡിംഗ് ഹോമിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വാഷിക ധ്യാനം ഫെബ്രു: 19, 20, 21 തീയതികളിൽ നടത്തപ്പെട്ടു. 19-ാം തീയതി ധ്യാനത്തിന് ബഥനി ആശ്രമാംഗം ഫാ: മത്തായി ഒ. ഐ. സി. നേതൃത്വം നൽകി.

(1-ാം പേജിൽനിന്നും തുടർച്ച)

കൂറിലോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ്, തോമസ് മാർ തിമോത്തിയോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, പൗലൂസ് മാർ ഗ്രീഗോറിയോസ്, സ്തേഫാനോസ് മാർ തോവോദോസ്യോസ്, ജോസഫ് മാർ പക്കോമിയോസ്, സഖറിയാസ് മാർ ദിവന്നാസ്യോസ്, മാത്യൂസ് മാർ ബർന്നബാസ്, ഗീവർഗീസ് മാർ ദിയസ്കോറോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ അത്താനാസ്യോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, പൗലൂസ് മാർ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർ പങ്കെടുത്തു.

നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ ധ്യാന പ്രസംഗത്തോടെയാണ് പ. സുന്നഹദോസ് ആരംഭിച്ചത്.




Edited & Published by Shabaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 083